## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.677** **29.05.2019-ൽ മറുപടിക്ക്**

വൈദ്യുതി ഉപഭോഗം

| | ചോദ്യം<br>ശ്രീ കെ.വി.വിജയദാസ് | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് വൈദ്യുതോർജ്ജം ലഭിക്കുന്നത്; എത്ര യൂണിറ്റ് വൈദ്യുതിയാണ് ഒരു വർഷം ലഭിക്കുന്നത്; ഇനം തിരിച്ചുള്ള വിശദവിവരം നൽകുമോ; | (എ) | കെ.എസ്.ഇ.ബി യുടെ ജലവൈദ്യുത നിലയങ്ങൾ, താപവൈദ്യുത നിലയങ്ങൾ, കാറ്റാടി നിലയങ്ങൾ, ചെറുകിട ജലവൈദ്യുത നിലയങ്ങൾ തുടങ്ങിയവയിൽ നിന്ന് സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി ഉത്പാദിപ്പിക്കുന്നു. ഇതു കൂടാതെ സ്വകാര്യ സംരംഭകർ കേരളത്തിൽ സ്ഥാപിച്ച ചെറുകിട ജലവൈദ്യുത നിലയങ്ങൾ / സൗരോർജ്ജ നിലയങ്ങൾ / കാറ്റാടി നിലയങ്ങൾ എന്നിവയിൽ നിന്നും കരാർ അടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങുന്നുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു. |

| **2018-19 കാലയളവിൽ** | **ദശലക്ഷം യൂണിറ്റ്** |
|---|---|
| കെ.എസ്.ഇ.ബി ജലവൈദ്യുത പദ്ധതികൾ | 7686.78 |
| കെ.എസ്.ഇ.ബി താപ നിലയങ്ങൾ | 4.1062 |
| കെ.എസ്.ഇ.ബി കാറ്റാടി നിലയങ്ങൾ | 1.3013 |
| കെ.എസ്.ഇ.ബി സൗരോർജ്ജ നിലയങ്ങൾ | 9.6583 |
| സ്വകാര്യ സൗരോർജ്ജ നിലയങ്ങൾ | 102.4329 |
| സ്വകാര്യ ചെറുകിട ജലവൈദ്യുത നിലയങ്ങൾ, കാറ്റാടി നിലയങ്ങൾ മുതലായവ | 223.0545 |
| ആകെ ആഭ്യന്തര ഉത്പാദനം | 8027.3329 |

| | | | |
|---|---|---|---|
| (ബി) | ഇപ്രകാരം സംസ്ഥാനത്തിനകത്തുനിന്ന് ലഭിയ്ക്കുന്ന ഊർജ്ജം സംസ്ഥാനത്തെ ആവശ്യത്തിന് തികയുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (ബി) | ഇല്ല. സംസ്ഥാനത്തിന്റെ മൊത്തം വൈദ്യുതി ഉപഭോഗം ആഭ്യന്തര ഉത്പാദനത്തേക്കാൾ കൂടുതലാണ്. സംസ്ഥാനത്തിന്റെ ശരാശരി വൈദ്യുതി ഉപഭോഗം 24960 ദശലക്ഷം യൂണിറ്റായിരിക്കുമ്പോൾ 2018-19 വർഷത്തിൽ ആഭ്യന്തരമായി ഉത്പാദിപ്പിച്ചത് 8025 ദശലക്ഷം യൂണിറ്റ് മാത്രമാണ്. കൂടാതെ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ആവശ്യകതയ്ക്ക് അനുസരിച്ച് വൻകിട വൈദ്യുത നിലയങ്ങൾ സ്ഥാപിക്കാൻ പാരിസ്ഥിതിക-സാമൂഹിക കാരണങ്ങളാൽ കഴിയുന്നില്ല. |
| (സി) | ഓരോ വർഷത്തേയും സംസ്ഥാനത്തെ വൈദ്യുത ഉപഭോഗത്തിനായി മറ്റ് സംസ്ഥാനങ്ങളിൽ നിന്നോ കേന്ദ്രപൂളിൽ നിന്നോ എത്ര യൂണിറ്റ് വൈദ്യുതിയാണ് വില കൊടുത്ത് വാങ്ങിക്കൊണ്ടിരിക്കുന്നത്; വിശദവിവരം നൽകുമോ? | (സി) | 2018-19-ൽ കേന്ദ്ര വിഹിതമായി 9241.9 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും കെ.എസ്.ഇ.ബി ലിമിറ്റഡ് ഏർപ്പെട്ടിട്ടുള്ള ദീർഘ കാല കരാറുകളിൽ നിന്ന് 7652.02 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും പവർ എക്സ്ചേഞ്ചുകൾ വഴി 476.99 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും വിലകൊടുത്ത് വാങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ